ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 11-03-2026 | പ്രധാന വാർത്തകൾ | TIME 07.25 AM

1. ഒരു ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് കേരളത്തിലെത്തും. എറണാകുളത്ത് 10,800 കോടി രൂപയുടെ വികസനപദ്ധതികൾക്ക് തുടക്കം കുറിക്കും.

   **Prime Minister Narendra Modi to arrive in Kerala today; ₹10,800-crore development projects to be launched in Ernakulam.**

2. അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിക്ക് കീഴിൽ പുനർ വികസനം നടത്തിയ സ്റ്റേഷനുകളുടെ ഉദ്ഘാടനം പ്രധാനമന്ത്രി ഇന്ന് നിർവഹിക്കും. പ്രധാനമന്ത്രിയുടെ സന്ദർശനത്തോട് അനുബന്ധിച്ച് കൊച്ചി നഗരത്തിൽ ഗതാഗത നിയന്ത്രണം.

   **PM to inaugurate redeveloped railway stations under Amrit Bharat Station Scheme; traffic restrictions in Kochi.**

3. ജൽ ജീവൻ ദൗത്യം 2028 ഡിസംബർ വരെ ദീർഘിപ്പിച്ച് കേന്ദ്രസർക്കാർ. സുജലം ഭാരത് ഏകീകൃത ദേശീയ ഡിജിറ്റൽ ചട്ടക്കൂട് സ്ഥാപിക്കാനും കേന്ദ്ര മന്ത്രിസഭ യോഗത്തിൽ തീരുമാനം.

   **Cabinet approves approves extension of Jal Jeevan Mission till December 2028.**

4. രാജ്യത്ത് ഗാർഹിക ഉപഭോക്താക്കൾക്ക് ഊർജ്ജക്ഷാമമില്ലെന്ന് കേന്ദ്ര മന്ത്രി ഹർദീപ് സിംഗ് പുരി. എൽ.പി.ജി ഉത്പാദനം വർദ്ധിപ്പിച്ചതായി എണ്ണക്കമ്പനികൾ.

Union Minister Hardeep Singh Puri assures no energy shortage for domestic consumers; Oil companies increase LPG production.

5. അതിദാരിദ്ര്യ നിർമ്മാർജനാനന്തര പദ്ധതിയുടെ വിശദ മാർഗ്ഗരേഖയ്ക്ക് സംസ്ഥാന മന്ത്രിസഭായോഗം അംഗീകാരം നൽകി.

State cabinet approves detailed guidelines for post-extreme-poverty eradication programme

6. എഫ്.ഐ.എച്ച് വനിതാ ഹോക്കി ലോകകപ്പ് യോഗ്യതാ മത്സരത്തിൽ, ഇന്ത്യ ഇന്ന് വെയിൽസിനെ നേരിടും.

In the FIH Women's Hockey World Cup 2026 Qualifiers, India will take on Wales today

*************************

## PM - KOCHI (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദി ഏകദിന സന്ദർശനത്തിനായി ഇന്ന് കേരളത്തിലെത്തും.

**കൂടുതൽ വിവരങ്ങളുമായി കൊച്ചിയിൽ നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി......**

(വോയ്സ്)

ധീവരസഭയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളും പ്രധാനമന്ത്രി കൊച്ചിയിൽ ഉദ്ഘാടനം ചെയ്യും. കലൂർ സ്റ്റേഡിയത്തിൽ ബി.ജെ.പി സംഘടിപ്പിക്കുന്ന 'വികസിത കേരളം മോദിക്കൊപ്പം' പരിപാടിയെയും ശ്രീ മോദി അഭിസംബോധന ചെയ്യും. പ്രധാനമന്ത്രിയുടെ സന്ദർശനത്തോടനുബന്ധിച്ച് കൊച്ചി നഗരത്തിൽ വിലെ 10 മുതൽ ഉച്ചയ്ക്ക് 3.30 വരെ ഗതാഗത ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

*************************

## PM- TN VISIT

കേരള സന്ദർശനത്തിന് ശേഷം പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് തമിഴ്നാട്ടിലെത്തും. തിരുച്ചിറപ്പള്ളിയിൽ 5,650 കോടിയോളം രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും. പെട്രോളിയം, പ്രകൃതിവാതകം, അടിസ്ഥാന സൗകര്യങ്ങൾ, ഗ്രാമങ്ങളെ ബന്ധിപ്പിക്കൽ, ഹൈവേ വികസനം തുടങ്ങിയവ പദ്ധതികളിൽ ഉൾപ്പെടുന്നു. രണ്ട് അമൃത് ഭാരത് എക്സ്പ്രസ്, രണ്ട് എക്സ്പ്രസ് ട്രെയിനുകൾ, ഒരു പാസഞ്ചർ ട്രെയിൻ എന്നിവ പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും. നാഗർകോവിൽ-ചാർളപ്പള്ളി അമൃത് ഭാരത് എക്സ്പ്രസ്, പോതനൂർ-ധൻബാദ് അമൃത് ഭാരത് എക്സ്പ്രസ് , രാമേശ്വരം-മംഗളൂരു എക്സ്പ്രസ്, തിരുനെൽവേലി-മംഗളൂരു എക്സ്പ്രസ്, മയിലാടുതുറൈ-തിരുവാരൂർ-കാരൈക്കുടി പാസഞ്ചർ ട്രെയിൻ എന്നിവയാണ് പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യുന്നത്.

**************************

## CABINET

ജൽ ജീവൻ മിഷൻ 2028 ഡിസംബർ വരെ നീട്ടുന്നതിന് കേന്ദ്ര മന്ത്രിസഭ യോഗം അംഗീകാരം നൽകി. ഉറവിടത്തിൽ നിന്ന് പൈപ്പിലേക്കുള്ള സമ്പൂർണ്ണ കുടിവെള്ള വിതരണ സംവിധാനം ഡിജിറ്റലായി മാപ്പ് ചെയ്യുന്നതിന് "സുജലം ഭാരത്" എന്ന ഏകീകൃത ദേശീയ ഡിജിറ്റൽ ചട്ടക്കൂട് സ്ഥാപിക്കുമെന്നും മന്ത്രിസഭാ യോഗ തീരുമാനങ്ങൾ വിശദീകരിച്ചുകൊണ്ട് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. തമിഴ്നാട്ടിലെ മധുര വിമാനത്താവളത്തെ അന്താരാഷ്ട്ര വിമാനത്താവളമായി പ്രഖ്യാപിക്കുന്നതിനും കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി.

**************************

## PARLIAMENT

സ്പീക്കർ ഓം ബിർളയെ നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷം കൊണ്ടുവന്ന പ്രമേയം ലോക്സഭ ഇന്നലെ ചർച്ച ചെയ്തു.

കോൺഗ്രസ് എം പി മുഹമ്മദ് ജാവേതാണ് പ്രമേയം അവതരിപ്പിച്ചത്. ഗ്രാമവികസന മന്ത്രാലയം, വനം പരിസ്ഥിതി മന്ത്രാലയം എന്നിവയുടെ പ്രവർത്തനം സംബന്ധിച്ച ചർച്ചകളാണ് രാജ്യസഭയിൽ ഇന്നലെ നടന്നത്.

*************************

## RAILWAYS-PROJECT

അടിസ്ഥാന സൗകര്യങ്ങളും സാങ്കേതികവിദ്യയും മെച്ചപ്പെടുത്താൻ 765 കോടി രൂപയുടെ പദ്ധതികൾക്ക് ഇന്ത്യൻ റെയിൽവേ അംഗീകാരം നൽകി. ഈസ്റ്റ് കോസ്റ്റ്, സൗത്ത് സെൻട്രൽ, വെസ്റ്റേൺ റെയിൽവേ സോണുകളിലാണ് പ്രധാനമായും നവീകരണം നടക്കുക. വൈദ്യുതീകരണ നവീകരണ പ്രവർത്തനങ്ങൾക്ക് പുറമെ ട്രെയിൻ കൂട്ടിയിടി ഒഴിവാക്കുന്ന 'കവച്' സാങ്കേതികവിദ്യയ്ക്ക് കരുത്തേകാനുള്ള പദ്ധതിക്കും റെയിൽവേ അംഗീകാരം നൽകി.

*************************

## HARDEEP SINGH PURI

രാജ്യത്ത് ഗാർഹിക ഉപഭോക്താക്കൾക്ക് ഊർജ്ജക്ഷാമമില്ലെന്നും പരിഭ്രാന്തരാകേണ്ട സാഹചര്യമില്ലെന്നും കേന്ദ്ര സർക്കാർ. ഗാർഹിക ഉപഭോക്താക്കൾക്ക് താങ്ങാനാവുന്ന വിലയിൽ ഊർജ്ജം തടസ്സമില്ലാതെ വിതരണം ചെയ്യുന്നത് ഉറപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര മന്ത്രി ഹർദീപ് സിംഗ് പുരി സമൂഹ മാധ്യമത്തിൽ കുറിച്ചു. അതേസമയം, രാജ്യത്ത് എൽപിജി ഉത്പാദനം വർദ്ധിപ്പിച്ചതായി എണ്ണക്കമ്പനികൾ അറിയിച്ചു.

*************************

## INDIAN OIL-LPG SUPPLY

ഗാർഹിക ഉപഭോക്താക്കൾക്കും ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ അവശ്യ ഗാർഹികേതര മേഖലകൾക്കും പാചകവാതക ലഭ്യതയിൽ മുൻഗണന നൽകുന്നതിനുള്ള നടപടി

സ്വീകരിച്ചിട്ടുണ്ടെന്ന് ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ്. മറ്റ് ഗാർഹികേതര മേഖലകളിൽ നിന്നുള്ള അഭ്യർത്ഥനകൾ എണ്ണ കമ്പനികളുടെ എക്സിക്യൂട്ടീവ് ഡയറക്ടർമാരുടെ കമ്മിറ്റി അവലോകനം ചെയ്യുമെന്നും യോഗ്യതയുടെ അടിസ്ഥാനത്തിൽ മുൻഗണന നൽകുമെന്നും ഐ.ഒ.സി അറിയിച്ചു.

***************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(BREAK)

***************************

## JAISHANKAR TALKS TO FMs

പശ്ചിമേഷ്യയിലെ സംഘർഷവുമായി ബന്ധപ്പെട്ട് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ഇറാൻ വിദേശകാര്യ മന്ത്രി സയ്യിദ് അബ്ബാസ് അരാഗ്ചിയുമായി ടെലിഫോൺ സംഭാഷണം നടത്തി. ഇന്ത്യയുമായി ബന്ധം തുടരുമെന്ന് ഇറാൻ വിദേശകാര്യ മന്ത്രി അറിയിച്ചതായി ശ്രീ. ജയ്ശങ്കർ സമൂഹ മാധ്യമത്തിൽ കുറിച്ചു. ജർമ്മൻ വിദേശകാര്യ മന്ത്രി ജോഹാൻ വാഡെഫുളുമായും ദക്ഷിണ കൊറിയൻ വിദേശകാര്യ മന്ത്രി ചോ ഹ്യൂണുമായും ശ്രീ.ജയ്ശങ്കർ സംഭാഷണം നടത്തി. ആഗോള സുരക്ഷയിലും സമ്പദ്‌വ്യവസ്ഥയിലും വലിയ സ്വാധീനം ചെലുത്തുന്ന പശ്ചിമേഷ്യയിലെ സ്ഥിതിഗതികൾ ഇരു നേതാക്കളുമായി ചർച്ച ചെയ്തതായി അദ്ദേഹം അറിയിച്ചു.

***************************

## MORN. MoCA- STATEMENT(INTRO)

പശ്ചിമേഷ്യയിലെ സ്ഥിതിഗതികളും ഇന്ത്യയിൽ നിന്ന് മേഖലയിലേക്കും തിരിച്ചും ഉണ്ടായേക്കാവുന്ന യാത്രാ ബുദ്ധിമുട്ടുകളും സസൂക്ഷ്മം നിരീക്ഷിച്ച് വരുന്നതായി കേന്ദ്ര വ്യോമയാന മന്ത്രാലയം.

യാത്രക്കാരുടെ സുരക്ഷയ്ക്കും തടസരഹിത സേവനങ്ങൾക്കും പ്രാഥമിക പരിഗണന നൽകുന്നതായും മന്ത്രാലയം വ്യക്തമാക്കി.

**വിശദാംശങ്ങളിലേക്ക്.............**

**(ഹോൾഡ് വോയ്സ്..........)**

## MORN. MoCA- STATEMENT(VO)

തിങ്കളാഴ്ച, ഇന്ത്യൻ വിമാനക്കമ്പനികളുടെ 45 ഇൻബൗണ്ട് വിമാനങ്ങൾ പശ്ചിമേഷ്യയിൽ നിന്ന് ഇന്ത്യയിലെത്തിയതായും 7,400 ൽ അധികം പേർ യാത്ര ചെയ്തതായും വ്യോമയാന മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. മസ്കറ്റ് അന്താരാഷ്ട്ര വിമാനത്താവളം ഒരു ബദൽ വിമാനത്താവളമായി ഉപയോഗിക്കുന്നതിനു വേണ്ട നടപടികൾ പുരോഗമിക്കുകയാണ്. ദുബായ്, അബുദാബി, ഷാർജ, റാസൽഖൈമ, അൽ ഐൻ, ഫുജൈറ, ജിദ്ദ, മദീന എന്നിവയുൾപ്പെടെയുള്ള സ്ഥലങ്ങളിലേക്കും തിരിച്ചുമുള്ള വിമാനങ്ങൾക്ക് ഈ ക്രമീകരണം ബാധകമാകും. എയർ ഇന്ത്യയും എയർ ഇന്ത്യ എക്സ്പ്രസും നാളെ മുതൽ റിയാദിലേക്ക് സർവീസ് നടത്തുമെന്നും ഇൻഡിഗോ മുംബൈ-റിയാദ്-മുംബൈ സർവീസുകൾ ആരംഭിക്കുമെന്നും മന്ത്രാലയം അറിയിച്ചു. ആകാശ എയറിനോട് നാളെ ആരംഭിക്കാൻ നിശ്ചയിച്ചിരിക്കുന്ന മുംബൈ-റിയാദ്-മുംബൈ സർവീസുകൾ ക്രമീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെന്നും പ്രസ്താവനയിൽ വ്യക്തമാക്കുന്നു. **ന്യൂസ് ഡെസ്ക് ആകാശവാണി**

*****************************

## STATE CABINET

അതിദാരിദ്ര്യ നിർമ്മാർജനാനന്തര പദ്ധതിയുടെ വിശദ മാർഗ്ഗരേഖയ്ക്ക് സംസ്ഥാന മന്ത്രിസഭായോഗം അംഗീകാരം നൽകി. സംസ്ഥാനത്തെ മയക്കുമരുന്ന് കുറ്റകൃത്യങ്ങൾ തടയുന്നതിനും അന്വേഷിക്കുന്നതിനും എക്സൈസ് വകുപ്പിന് കീഴിൽ, കേരള സ്റ്റേറ്റ് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ രൂപീകരിക്കാനും തീരുമാനിച്ചു.

സംസ്ഥാന നിയമ വകുപ്പ് സെക്രട്ടറിയായി പ്രവർത്തിക്കുന്ന കെ ജി സനൽകുമാറിനെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറായി നിയമിക്കാൻ ഗവർണറോട് ശുപാർശ ചെയ്യും. പെന്തക്കോസ്ത് സഭകളെ ക്രൈസ്തവ സഭാ വിഭാഗമായി അംഗീകരിക്കുവാൻ മന്ത്രിസഭായോഗം തത്വത്തിൽ തീരുമാനിച്ചു. പെന്തകോസ്ത് ക്രൈസ്തവർ ഉൾപ്പെടെയുള്ള പരിവർത്തിത ക്രൈസ്തവ വിഭാഗങ്ങൾ നേരിടുന്ന വിഷയങ്ങൾ പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കാൻ കമ്മിറ്റിയെയും സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തി.

***************************

## KERALA SIR

കേരളത്തിൽ ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായിട്ടും, തീവ്ര വോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേരു ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേരു ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ, ECINET മൊബൈൽ ആപ്ലിക്കേഷൻ വഴിയോ, ബൂത്തുതല ഓഫീസർ വഴിയോ അപേക്ഷിക്കാം. നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള അവസാന തീയതി വരെ പേര് ചേർക്കാം.

***************************

## FIH- HOCKEY

എഫ്ഐഎച്ച് വനിതാ ഹോക്കി ലോകകപ്പ് 2026 യോഗ്യതാ മത്സരത്തിൽ, പൂൾ ബിയിലെ അവസാന മത്സരത്തിൽ ഇന്ത്യ ഇന്ന് വെയിൽസിനെ നേരിടും. ഹൈദരാബാദിൽ വൈകുന്നേരം 7:30 നാണ് മത്സരം.

***************************

## SWISS OPEN

സ്വിറ്റ്സർലൻഡിലെ ബാസലിൽ നടക്കുന്ന സ്വിസ് ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്നലെ നടന്ന പുരുഷ ഡബിൾസ് മത്സരത്തിൽ സാത്വിക്സായ് രാജ് രങ്കിറെഡ്ഡി-ചിരാഗ് ഷെട്ടി സഖ്യം സിങ്കപ്പൂർ സഖ്യത്തെ പരാജയപ്പെടുത്തി. വനിതാ സിംഗിൾസിൽ ഇന്ന് തൻവി ശർമ്മ ഇന്തോനേഷ്യൻ താരത്തെ നേരിടും. പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ ആയുഷ് ഷെട്ടി കനേഡിയൻ താരത്തോട് ഏറ്റുമുട്ടും.

***************************

## PANCHAYATI RAJ-CONFERENCE

സശക്ത് പഞ്ചായത്ത്-നേത്രി അഭിയാന്റെ കീഴിൽ പഞ്ചായത്തുകളിലെ തിരഞ്ഞെടുക്കപ്പെട്ട വനിതാ പ്രതിനിധികളുടെ ദേശീയ സമ്മേളനം ഇന്ന് ന്യൂഡൽഹിയിൽ നടക്കും. പഞ്ചായത്ത് രാജ് മന്ത്രാലയം സംഘടിപ്പിക്കുന്ന ഒരു ദിവസത്തെ സമ്മേളനത്തിൽ കേന്ദ്ര പഞ്ചായത്തിരാജ് മന്ത്രി രാജീവ് രഞ്ജൻ സിംഗ് പങ്കെടുക്കും. സംസ്ഥാനങ്ങളിലേയും കേന്ദ്രഭരണ പ്രദേശങ്ങളിലേയും തിരഞ്ഞെടുത്ത വനിതാ പഞ്ചായത്ത് അംഗങ്ങളെ സമ്മേളനത്തിൽ ആദരിക്കും.

***************************

## MORN. JOSHI- SOLAR IRIGATION

ഫോസിൽ ഇതര സ്രോതസ്സുകളിൽ നിന്നുള്ള രാജ്യത്തിന്റെ സ്ഥാപിത വൈദ്യുതി ശേഷി കഴിഞ്ഞ ദശകത്തിൽ 81 ജിഗാവാട്ടിൽ നിന്ന് 275 ജിഗാവാട്ടായി ഉയർന്നതായി കേന്ദ്രമന്ത്രി പ്രൽഹാദ് ജോഷി. ഇന്നലെ ന്യൂഡൽഹിയിൽ നടന്ന നാലാമത് ദേശീയ അഗ്രോ-ആർഇ ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. സൗരോർജ്ജ ജലസേചനത്തിന് ഇന്ത്യയുടെ കാർഷിക, ഊർജ്ജ മേഖലകളെ പരിവർത്തനം ചെയ്യാനുള്ള കഴിവുണ്ടെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

***************************

## DRDO- AIR DROP CONTAINER

ഡിആർഡിഒയും ഇന്ത്യൻ നാവികസേന സംയുക്തമായി തദ്ദേശീയമായി നിർമ്മിച്ച എയർ ഡ്രോപ്പബിൾ കണ്ടെയ്നർ എഡിസി -150 വിജയകരമായി പരീക്ഷിച്ചു. പി 8 ഐ വിമാനത്തിൽ നിന്ന് ഗോവൻ തീരത്താണ് നാല് പരീക്ഷണങ്ങൾ നടത്തിയത്. ഈ വർഷം ഫെബ്രുവരി 21 നും മാർച്ച് ഒന്നിനുമിടയിലായിരുന്നു പരീക്ഷണം. ആഴക്കടലിൽ പ്രതിസന്ധി നേരിടുന്ന നാവിക കപ്പലുകൾക്ക് വേഗത്തിൽ സഹായം എത്തിക്കുന്നതിന് ഉൾപ്പെടെ ഇത് സഹായകമാകും.

********************************************************************
***************************************